Malappuram District Police

## 01.09.2017 നിലമ്പൂർ

എടിഎം കാർഡ് ഉപയോഗിച്ച് ഓൺലൈൻ പർച്ചേസ് തട്ടിപ്പ് നടത്തിയ പ്രതിയെ നിലമ്പൂർ പോലീസ് പിടികൂടി. തൃശൂർ തിരുവില്വാമല സ്വദേശി നെൽസൻ വർഗീസിനെയാണ് എസ്ഐ ബിനു തോമസ് അറസ്റ്റ് ചെയ്തത്. താഴെ ചന്തക്കുന്ന് എസ്ബിടി മാനേജർ ജി.ആർ.കണ്ണന്റെ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫെബ്രുവരി രണ്ടിന് വിവിധ സൈറ്റുകളിൽ നിന്നും ഓൺലൈൻ പർച്ചേസ് നടത്തി പണം തട്ടുകയായിരുന്നു. അന്വേഷണത്തിൽനിന്ന് നിന്നു കാൽലക്ഷം രൂപ നഷ്ടപ്പെട്ടതായി കണ്ടെത്തി. തുടർന്ന് നിലമ്പൂർ പോലീസിൽ പരാതി നൽകി. സൈബർ സെല്ലിന്റെ സഹായത്തോടെ ഐപി അഡ്രസ് വെച്ച് നടത്തിയ പരിശോധനയിലാണ് പ്രതി വലയിലായത്. പ്രതി എറണാകുളത്ത് ഐടി മേഖലയിലാണ് ജോലി ചെയ്തുവരുന്നത്. യൂട്യൂബിൽ കണ്ട ഒരു സൈറ്റിലൂടെയാണ് പ്രതി പർച്ചേസ് നടത്തിയതെന്ന് പോലീസ് പറഞ്ഞു. ഐടി വകുപ്പിന് പുറമേ വഞ്ചനക്കുറ്റത്തിന് കൂടിയാണ് കേസെടുത്തിട്ടുള്ളത്. ഇയാളെ നിലമ്പൂർ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. എസ്ഐക്ക് പുറമേ അഡീഷണൽ എസ്ഐ വി.പി. അബൂബക്കർ തുടങ്ങിയവര് അന്വേഷണത്തിന് നേതൃത്വം നൽകി.